**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം- ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആയ ശ്രീ.വിനോദ്.വി.റ്റി-യ്ക്ക് വയനാട് ദാരിദ്ര്യലഘൂകരണ വിഭാഗത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.1399/2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 03/05/2017

---

പരാമർശം : 1. ശ്രീ.വിനോദ്.വി.റ്റി-യുടെ 01/04/2017-ലെ അപേക്ഷ.
2. ഗ്രാമവികസന കമ്മീഷണറുടെ 20/04/2017-ലെ 5427/എസി&എഡി2/2017/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗ്രാമവികസന കമ്മീഷണറേറ്റിൽ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ.വിനോദ്.വി.റ്റി, വയനാട്, ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനു വേണ്ടി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത് പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ചു. ശ്രീ.വിനോദ്.വി.റ്റി-യ്ക്ക് വയനാട് ദാരിദ്ര്യലഘൂകരണ വിഭാഗത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകുന്നതിൽ എതിർപ്പില്ലെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. ഗ്രാമവികസന കമ്മീഷണറേറ്റിൽ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ.വിനോദ്.വി.റ്റി-യ്ക്ക് ഡെപ്യൂട്ടേഷൻ സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഉത്തരവു തീയതി മുതൽ ഒരു വർഷത്തേയ്ക്ക് വയനാട് ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്2 തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ.എസ്.ആർ**

**ഡെപ്യൂട്ടി സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ വിഭാഗം, വയനാട്
3) ശ്രീ.വിനോദ്.വി.റ്റി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഗ്രാമവികസന കമ്മീഷണറേറ്റ് (ഗ്രാമവികസന കമ്മീഷണർ മുഖേന)
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ